# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ഒക്ടോബർ 5, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

പുരാവസ്തുക്കളെന്ന പേരിൽ നടത്തിയ സാമ്പത്തിക ക്രമക്കേട്

മി. സ്പീക്കർ: പുരാവസ്തുക്കളെന്ന പേരിൽ വ്യാജ സാധനങ്ങൾ കൈമാറി കോടികളുടെ തട്ടിപ്പും സാമ്പത്തിക തിരിമറിയും നടത്തിയ വ്യക്തിക്ക് മുൻ പോലീസ് മേധാവി ഉൾപ്പെടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥർ

സഹായം നൽകിയതുമൂലം സംസ്ഥാനത്തെ നിയമവാഴ്ചയെക്കുറിച്ച് പൊതുസമൂഹത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പുരാവസ്തുക്കളെന്ന പേരിൽ വ്യാജസാധനങ്ങളുണ്ടാക്കി പ്രദർശിപ്പിച്ച് കോടികളുടെ തട്ടിപ്പും സാമ്പത്തിക തിരിമറിയും നടത്തിയ മോൻസൺ മാവുങ്കലിനെതിരെ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയും 25-09-2021-ന് പ്രതിയെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മോൻസൺ മാവുങ്കലിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയ ഇന്റലിജൻസ് വിഭാഗം സംസ്ഥാന പോലീസ് മേധാവിക്ക് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി എൻഫോഴ്സ്മെന്റ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായ ചെമ്പോല വ്യാജമായുണ്ടാക്കി ജനങ്ങളെ കബളിപ്പിക്കാൻ സർക്കാർ ശ്രമിച്ചുവെന്നത് വസ്തുതാവിരുദ്ധമാണ്. ജീവനും

സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് പരാതി നൽകുന്ന ഏതൊരു വ്യക്തിക്കും പോലീസ് പ്രത്യേക ശ്രദ്ധ നൽകുന്നതാണ്. ക്രൈംബ്രാഞ്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ അടിസ്ഥാനത്തിൽ മോൻസൺ മാവുങ്കൽ സൂക്ഷിച്ചുവരുന്ന പുരാവസ്തുക്കളും ഡി.ആർ.ഡി.ഒ. രേഖകളും സംബന്ധിച്ച് അന്വേഷിക്കുന്ന ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, ആർക്കിയോളജിക്കൽ, ഡി.ആർ.ഡി.ഒ. വകുപ്പുകളുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിഷയം അന്വേഷണവിധേയമാക്കുന്നതാണ്. അന്വേഷണം ഊർജ്ജിതമാക്കുന്നതിനായി ക്രൈംബ്രാഞ്ച് ഐ.ജി.-യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ്: പുരാവസ്തുവെന്ന പേരിൽ വ്യാജ സാധനങ്ങൾ കൈമാറി കോടികളുടെ തട്ടിപ്പും സാമ്പത്തിക ക്രമക്കേടും നടത്തിയ മോൻസൺ മാവുങ്കലിന് പോലീസ് സംരക്ഷണം ഏർപ്പെടുത്തിയിരിക്കുകയാണ്. തട്ടിപ്പുമായി ബന്ധപ്പെട്ട രഹസ്യവിവരം ഇന്റലിജൻസ് വിഭാഗത്തിന് വർഷങ്ങൾക്ക് മുമ്പ് ലഭിച്ചിട്ടും അന്വേഷണം നടത്താൻ തയ്യാറായിട്ടില്ല. മോൻസൺ മാവുങ്കലിനെതിരെ പോലീസ് മേധാവിക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്റലിജൻസ് വിഭാഗത്തോട് അന്വേഷണം നടത്താൻ ആവശ്യപ്പെട്ടിട്ടുള്ളത്.

പുരാവസ്തുവ്യാപാരത്തിന് ലൈസൻസില്ലെന്നും തട്ടിപ്പുകാരനാണെന്നും ഉറപ്പായതിനുശേഷവും അദ്ദേഹത്തിന്റെ വീടിന് പോലീസ് സംരക്ഷണം നൽകാനുള്ള മുൻപോലീസ് മേധാവിയുടെ നടപടി ദുരൂഹമാണ്. മോൻസൺ മാവുങ്കലിനെതിരെ ചേർത്തല പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത പരാതിയിൽ ഐ.ജി. അടക്കം ഇടപെട്ടതായി തെളിഞ്ഞിട്ടുണ്ട്. ടിയാളുടെ വീട്ടിൽ പ്രതിരോധമന്ത്രാലയത്തിന് കീഴിലുള്ള ഡി.ആർ.ഡി.ഒ. രേഖകൾ കണ്ടെത്തുകയും ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായ ചെമ്പോല വ്യാജമായി ഉണ്ടാക്കി ജനങ്ങളെ കബളിപ്പിക്കാൻ ശ്രമിക്കുകയും ഇതിന് സർക്കാരും പത്ര-മാധ്യമങ്ങളും വൻതോതിൽ പ്രചരണം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇന്റലിജൻസ് എ.ഡി.ജി.പി.യുടെ റിപ്പോർട്ട് 22-05-2019-ൽ ലഭിച്ചിട്ടും 06-09-2021-നാണ് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടതെന്നത് വാസ്തവ വിരുദ്ധമാണ്. ഇടതുപക്ഷ സർക്കാരിന്റെ കാലഘട്ടം തട്ടിപ്പുകാരുടെ കൂത്തരങ്ങായി മാറിയിരിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മോൻസൺ മാവുങ്കൽ എന്ന വ്യക്തി പുരാവസ്തുക്കളെന്ന പേരിൽ വ്യാജ സാധനങ്ങൾ കൈമാറി ആളുകളെ വഞ്ചിച്ചുവെന്നതാണ് വിഷയം. ഇയാൾ നടത്തുന്ന തട്ടിപ്പിനെ

സഹായിച്ചവരും കൂട്ടുനിന്നവരും തട്ടിപ്പെന്നറിയാതെ കബളിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ച് കൃത്യമായ അന്വേഷണം നടക്കുന്നുണ്ട്. തട്ടിപ്പുമായി ബന്ധപ്പെട്ട് പോലീസ് സേനയിലുള്ളവർ ചട്ടവിരുദ്ധമായി എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ കർശന നടപടി സ്വീകരിക്കുന്നതാണ്. ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായ ചെമ്പോലയുമായി ബന്ധപ്പെട്ട് ആരോപിക്കുന്നതരത്തിലുള്ള നിലപാട് സർക്കാർ സ്വീകരിച്ചിട്ടില്ല. ടിയാന്റെ വീടിന് സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയതിനെക്കുറിച്ച് അന്വേഷിക്കുന്നതാണ്. പുരാവസ്തുതട്ടിപ്പുമായി ബന്ധപ്പെട്ട വിഷയത്തിൽ അന്വേഷണം നടത്താൻ പോലീസ് ഇന്റലിജൻസിനോട് ആവശ്യപ്പെട്ടത് മുൻ പോലീസ് മേധാവിയായിരുന്ന ശ്രീ. ലോക്നാഥ് ബെഹ്റയായിരുന്നു. ഇക്കാര്യത്തിൽ തെറ്റുകളും വീഴ്ചകളും സംഭവിച്ചിട്ടുണ്ടെങ്കിൽ അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്. അന്വേഷണത്തിലുണ്ടാകുന്ന പോരായ്മകൾ ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനുതകുന്ന നടപടികൾ സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### 1. സമ്പൂർണ്ണ കോവിഡ് വാക്സിനേഷൻ പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകലും

ശ്രീ. എ. എൻ. ഷംസീർ: സംസ്ഥാനത്ത് സമ്പൂർണ്ണ കോവിഡ് വാക്സിനേഷൻ ലക്ഷ്യത്തിലെത്തിക്കുന്നതിനും കോവിഡ്/പോസ്റ്റ് കോവിഡ് രോഗങ്ങൾമൂലം മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും കോവിഡ്മൂലം അനാഥരായ കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കുന്നതിനും മരണമടഞ്ഞ ആരോഗ്യപ്രവർത്തകരുടെ കുടുംബങ്ങൾക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കോവിഡ്-19 വ്യാപനം നിയന്ത്രണവിധേയമാക്കുന്നതിന് സമ്പൂർണ്ണ വാക്സിനേഷൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ ഇതുവരെ

92.8 ശതമാനം പേർക്ക് ഒന്നാം ഡോസും 42.2 ശതമാനം പേർക്ക് രണ്ടാം ഡോസും വാക്സിൻ നൽകിയിട്ടുണ്ട്. വാക്സിനേഷൻ പൂർത്തിയാക്കുന്നതിന് സർക്കാർ മേഖലയിൽമാത്രം 1200 വാക്സിനേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ മുഴുവൻ ഗർഭിണികൾക്കും വാക്സിൻ നൽകുന്നതിനായി 'മാതൃകവചം' കാമ്പയിൻ, ഭിന്നശേഷിക്കാർക്ക് പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചിട്ടുള്ളതും കിടപ്പുരോഗികൾക്ക് വീടുകളിൽ പോയി വാക്സിനേഷൻ നൽകിവരുന്നതുമാണ്. സ്വന്തമായി രജിസ്റ്റർ ചെയ്യാൻ അറിയാത്തവരും സൗകര്യമില്ലാത്തവരുമായ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരെ ആശാവർക്കർമാരുടെ സേവനം ഉപയോഗിച്ച് വാക്സിനേഷൻ രജിസ്ട്രേഷൻ കാമ്പയിൻ സംഘടിപ്പിക്കുകയും തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഡ്രൈവ് ത്രൂ വാക്സിനേഷൻ സൗകര്യമേർപ്പെടുത്തുകയും വൃദ്ധസദനങ്ങൾ/അഗതി മന്ദിരങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾ, ആദിവാസി പ്രാക്തന ഗോത്ര സമൂഹങ്ങൾ, എസ്.ടി. ജനവിഭാഗങ്ങൾ തുടങ്ങിയവരെ മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തി വാക്സിനേഷൻ നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 18 വയസ്സിനുമുകളിലുള്ളവർക്ക് ഒക്ടോബറോടുകൂടി ഒന്നാം ഡോസും 2022 ജനുവരിയോടുകൂടി രണ്ടാം ഡോസും നൽകാൻ

സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കോവിഡ്മൂലം മരണമടഞ്ഞവരുടെ പട്ടിക തയ്യാറാക്കുന്നതിന് ഇ-ഹെൽത്ത് വികസിപ്പിച്ച ഡെത്ത് റിപ്പോർട്ടിംഗ് ആൻഡ് ഓഡിറ്റ് പോർട്ടൽ മുഖേന കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള അപേക്ഷ സമർപ്പിക്കാവുന്നതും കോവിഡ് ബാധയെത്തുടർന്ന് മരണപ്പെട്ടയാളിന്റെ അടുത്ത അവകാശിക്ക് നൽകപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിൽ പരാതിയുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളതുമാണ്. കോവിഡ് മരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കാൻ എല്ലാ ജില്ലകളിലും കോവിഡ്-19 ഡെത്ത് അസർട്ടൈനിംഗ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ അടുത്ത ബന്ധുവിന്/നിയമപരമായ അവകാശിക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 50,000 രൂപ ധനസഹായം നൽകാൻ ഉത്തരവായിട്ടുണ്ട്; ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപ്പന ചെയ്ത റിലീഫ് പോർട്ടൽ വഴി അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായ വിതരണം പൂർത്തിയാക്കുന്നതാണ്. കോവിഡ്മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുഞ്ഞുങ്ങൾക്ക് ധനസഹായം നൽകുന്നതിനുപുറമെ പഠനസഹായം നൽകുന്നതിനും നടപടികളാരംഭിച്ചിട്ടുണ്ട്. വാക്സിനേഷനെത്തുടർന്ന് മരണപ്പെട്ടതായി

റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതും സംസ്ഥാന ആരോഗ്യവകുപ്പ് പഠനം നടത്തുന്നതുമാണ്.

2. ഷൊർണ്ണൂർ-നിലമ്പൂർ റെയിൽപ്പാത

ശ്രീ. എ. പി. അനിൽ കുമാർ: ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവേലൈൻ വൈദ്യുതീകരണ പ്രവൃത്തികളാരംഭിക്കുന്നതിനും തുവ്വൂർ റെയിൽവേ സ്റ്റേഷൻ ക്രോസിംഗ് സ്റ്റേഷനാക്കുന്നതിനും നിലമ്പൂർ-കൊച്ചുവേളി രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരംവരെ ദീർഘിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): കോവിഡ് കാലത്ത് നിർത്തലാക്കിയ ട്രെയിൻ സർവ്വീസുകൾ പുനരാരംഭിക്കുക, പാസ്സഞ്ചർ ട്രെയിനിനടക്കമുള്ള റിസർവ്വേഷൻ സംവിധാനം പിൻവലിക്കുക, സീസൺ ടിക്കറ്റ് ഏർപ്പെടുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് റെയിൽവേ അധികൃതരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 6-10-2021 മുതൽ 9 പാസ്സഞ്ചർ ട്രെയിനുകൾ പുനരാരംഭിക്കാനും അൺ-റിസർവ്ഡ് എക്സ്പ്രസ് ട്രെയിനായി സർവ്വീസ് നടത്താനും റെയിൽവേ തീരുമാനമെടുത്തിട്ടുണ്ട്. സ്ഥലപരിമിതി കാരണം നിലമ്പൂർ-കൊച്ചുവേളി രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരംവരെ നീട്ടുന്ന

കാര്യം പരിഗണിക്കാൻ സാധ്യമല്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ചരക്ക് ഗതാഗതം ശക്തിപ്പെടുത്തുന്നതിന് ഗതാഗത പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിക്കാനും ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവേ പാതയുടെ വൈദ്യുതീകരണം അലഹബാദ് സെൻട്രൽ ഓർഗനൈസേഷൻ ഫോർ റെയിൽവേ ഇലക്ട്രിഫിക്കേഷന്റെ പരിധിയിൽ വരുന്നതിനാൽ അവരുമായി ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. ട്രെയിനുകളിൽ ടൂറിസ്റ്റ് കോച്ചുകൾ ഘടിപ്പിക്കണമെന്ന ആവശ്യവും നിലമ്പൂർ-ഷൊർണ്ണൂർ-തിരുവനന്തപുരം ട്രെയിൻ ബന്ധിപ്പിക്കുന്ന കാര്യവും ഘട്ടംഘട്ടമായി പരിഗണിക്കാമെന്നാണ് റെയിൽവെ അറിയിച്ചിട്ടുള്ളത്.

## III. സബ്മിഷൻ

### 1. കാസർഗോഡ് വികസന പാക്കേജ്

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: കാസർഗോഡ് ജില്ലയിലെ വികസന പാക്കേജുമായി ബന്ധപ്പെട്ട് സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങൾ നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനത്തിന് അത്യന്താപേക്ഷിതമായ പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രായോഗികമല്ല; ജല-ഭക്ഷ്യ-

സാമ്പത്തിക-സാമൂഹിക സുരക്ഷ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന പദ്ധതികളാണ് ജില്ലാകളക്ടർ വിഭാവന ചെയ്തിട്ടുള്ളത്. ഭൂരിഭാഗം പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മറ്റ് വകുപ്പുകളുടെയും പ്രവർത്തനമണ്ഡലത്തിനുള്ളിൽ വരുന്നവയായതിനാൽ വിവിധ വകുപ്പുകളും നിർവ്വഹണ ഏജൻസികളും തമ്മിലുള്ള ഏകോപന സാധ്യത ഫലപ്രദമായി ഉപയോഗപ്പെടുത്താനാകും. നിലവിൽ സംസ്ഥാന സർക്കാർ വിഹിതം മാത്രമാണ് കാസർഗോഡ് വികസന പാക്കേജിനായി ലഭിച്ചിട്ടുള്ളത്. സംസ്ഥാനതല എംപവേർഡ് കമ്മിറ്റി യോഗത്തിൽ പുതിയ നിർദ്ദേശങ്ങളുടെ വിശദമായ പ്രസന്റേഷൻ അവതരിപ്പിക്കുന്നതിന് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പുതുക്കിയ പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## 2. റോഡുകളുടെയും ഡ്രെയിനേജുകളുടെയും ശോചനീയാവസ്ഥ

ശ്രീ. ഷാഫി പറമ്പിൽ: അമൃത് പദ്ധതിയുടെ പ്രവർത്തനം വൈകുന്നതുകാരണം പാലക്കാട് നഗരസഭയുടെ അധീനതയിലുള്ള തകർന്നുകിടക്കുന്ന റോഡുകൾ പുനഃസ്ഥാപിക്കാനും മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): അമൃത് പദ്ധതിപ്രകാരം പാലക്കാട് നഗരസഭയിലെ എല്ലാ റോഡുകളിലും കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈനുകൾ സ്ഥാപിച്ച് റോഡുകളുടെ ലിസ്റ്റ് കൈമാറുന്ന മുറയ്ക്ക് മാത്രമേ നഗരസഭയ്ക്ക് റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. പ്രധാനപ്പെട്ട റോഡുകളുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് യാത്ര ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് നഗരസഭയിലെ ആറ് ഡിവിഷനുകളിലായി 174 തൊഴിലാളികളെ നിയോഗിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ഓരോ വാർഡിലും മൂന്ന് ഹരിത കർമ്മ സേനാംഗങ്ങൾ എന്ന നിലയിൽ 52 വാർഡുകളിലെ വീടുകൾ/സ്ഥാപനങ്ങളിൽ നിന്ന് അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് വാതിൽപ്പടി സേവനം നടത്തിവരികയും ചെയ്യുന്നു. മാലിന്യങ്ങൾ തള്ളുന്ന പൊതുസ്ഥലങ്ങളെ റെഡ് സ്പോട്ടുകളായി മാർക്ക് ചെയ്ത് പ്രസ്തുത സ്ഥലങ്ങളിൽ മാലിന്യനിക്ഷേപം ഒഴിവാക്കുന്നതിനുള്ള നടപടികളും ക്യാമറകൾ സ്ഥാപിച്ച് മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തി പിഴ ചുമത്തുന്നതിനുള്ള നടപടികളും നഗരസഭ സ്വീകരിക്കേണ്ടതാണ്.

3. ഇരിക്കൂർ താലൂക്കാശുപത്രി വികസനം

ശ്രീ. സജീവ് ജോസഫ്: ഇരിക്കൂർ നിയോജകമണ്ഡലത്തിലെ താലൂക്ക് ആശുപത്രിക്ക് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടം നിർമ്മിക്കുകയും ആവശ്യമായ ജീവനക്കാരെ അനുവദിക്കുകയും വേണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): ഇരിക്കൂർ താലൂക്കാശുപത്രിയിൽ നിലവിലുള്ള 37 സ്ഥിരം ജീവനക്കാർക്കും ഒൻപത് താല്ക്കാലിക ജീവനക്കാർക്കും പുറമെ അഞ്ച് പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും പൊതുമരാമത്ത് വകുപ്പ് മണ്ണുപരിശോധന പൂർത്തിയാക്കി കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കിവരികയുമാണ്. ഡി.എച്ച്.എസ്.നും ഡി.എം.ഇ.യ്ക്കും കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ മേൽനോട്ട നിർവ്വഹണത്തിന് സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ട്.

4. മലയോര കർഷകർക്ക് പട്ടയം

ശ്രീ. സനീഷ്കുമാർ ജോസഫ്: ചാലക്കുടി താലൂക്കിൽ വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള പുറമ്പോക്ക് ഭൂമിയിൽ വർഷങ്ങളായി

താമസിക്കുന്ന, വീട്ടുനമ്പരും വൈദ്യുതി കണക്ഷനും ലഭിച്ച കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 01-06-2016 മുതൽ 31-08-2021 വരെ ചാലക്കുടി താലൂക്കിൽ 822 പട്ടയങ്ങളും സർക്കാരിന്റെ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി 81 പട്ടയങ്ങളും വിതരണം ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണം, വനം, ഇറിഗേഷൻ, പൊതുമരാമത്ത് എന്നീ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് ഭൂമിയിൽ വർഷങ്ങളായി താമസിക്കുന്ന, വീട്ടുനമ്പരും വൈദ്യുതി കണക്ഷനും ലഭിച്ച കുടുംബങ്ങൾക്ക് പ്രസ്തുത വകുപ്പുകളിൽ നിന്ന് എൻ.ഒ.സി. ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്. ചാലക്കുടി താലൂക്ക് പരിധിയിൽ വനഭൂമി പട്ടയത്തിന് അർഹരായവരിൽ കേന്ദ്രാനുമതി ലഭിച്ചവർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

5. പെരുമ്പുഴക്കടവ് പാലത്തിന്റെ പുനർ നിർമ്മാണം

ശ്രീ. ജോബ് മൈക്കിൾ: ഇരട്ടപ്പാത ഗതാഗതം ഉൾക്കൊള്ളാൻ പാകത്തിൽ പെരുമ്പുഴക്കടവ് പാലം വീതികൂട്ടി പുനർനിർമ്മിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പെരുമ്പുഴക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് തകർന്നതുമൂലം പാലം

സഞ്ചാരയോഗ്യമല്ലാതായതിനാൽ കനാലിന് കുറുകെ താത്കാലിക റോഡ് നിർമ്മിച്ചത് മഴക്കാലത്ത് സമീപ പ്രദേശങ്ങളിൽ വെള്ളപ്പൊക്കമുണ്ടാകുന്നതിന് കാരണമായിട്ടുണ്ട്. പുതിയ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കവെ സിംഗിൾ ലൈൻ ട്രാഫിക്കിൽ 50 ടണ്ണിൽത്താഴെ ഭാരമുള്ള വാഹനങ്ങൾ മാത്രമേ കടത്തിവിടാവൂയെന്ന് ഐ.ഡി.ആർ.ബി. നിർദ്ദേശിച്ചിരുന്നു. രണ്ട് വരി പാതയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതാണ്. വെള്ളപ്പൊക്ക നിർമ്മാർജ്ജനത്തിന് പൈപ്പ് കൾവർട്ട് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## 6. ഭെൽ-ഇ.എം.എൽ കമ്പനിയുടെ പ്രവർത്തനം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാസർഗോഡ് ജില്ലയിലെ പൊതുമേഖലാ സ്ഥാപനമായ ഭെൽ-നെ സംരക്ഷിക്കുന്നതിനും ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശികയും പിരിഞ്ഞുപോയ തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യവും നൽകുന്നതിന് നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): നിലവിലുള്ള യന്ത്രസാമഗ്രികൾ പുനരുദ്ധരിക്കുന്നതോടൊപ്പം പുതിയ

യന്ത്രസാമഗ്രികൾ ഉൾപ്പെടുത്തി ഭെൽ-ഇ.എം.എൽ. കമ്പനി നവീകരിക്കുന്നതിനും പ്രതിരോധ മേഖലയ്ക്കാവശ്യമായ ആൾട്ടർനേറ്റീവ്സ്, വൈദ്യുതി മേഖലയ്ക്കാവശ്യമായ സ്ട്രീറ്റ് ലൈറ്റ് കൺട്രോളേഴ്സ് തുടങ്ങിയവ നിർമ്മിച്ച് വിപണി സാദ്ധ്യത കണ്ടെത്താനുമാണ് ശ്രമിക്കുന്നത്. കമ്പനിയുടെ ഡയറക്ടർ ബോർഡ് പുന:സംഘടിപ്പിക്കുകയും കുടിശ്ശികയുള്ള ആഡിറ്റിംഗ് പൂർത്തിയാക്കുന്നതിന് നടപടിയെടുക്കുകയും പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ ഒരു സബ്സിഡിയറി യൂണിറ്റായി പ്രവർത്തിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്. സ്ഥാപനത്തെ മെച്ചപ്പെടുത്തിയതിനുശേഷം പ്രത്യേക യൂണിറ്റാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇതുവരെയുള്ള സർവ്വീസ് പരിഗണിച്ച് തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്നതിന് പാക്കേജ് തയ്യാറാക്കുകയും കുടിശ്ശിക ശമ്പളം നൽകുന്നതിനായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്.

## 7. മലമ്പുഴ ഉദ്യാനം നവീകരിക്കൽ

ശ്രീ. എ. പ്രഭാകരൻ: ഇറിഗേഷൻ-ടൂറിസം വകുപ്പുകളുടെ ഏകോപനത്തോടെ മലമ്പുഴ ഉദ്യാനം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): മലമ്പുഴയുടെ വികസനത്തിന് 2018-19 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയതനുസരിച്ച് സാദ്ധ്യതാ പഠനം നടത്തി ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരികയാണ്. മലമ്പുഴയിൽ 1.36 കോടി രൂപയുടെ വേൾഡ് ക്ലാസ് ടോയ്‌ലറ്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള തടസ്സങ്ങൾ മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. മലമ്പുഴ ഡാം ഉൾപ്പെടെയുള്ള ഡാമുകളുടെ ടൂറിസം വികസനം സംബന്ധിച്ച പ്രാഥമിക കൂടിയാലോചനകൾ നടത്തുകയും ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 8. പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. കെ. വി. സുമേഷ്: തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽ കക്കുളങ്ങര പള്ളി ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽ രണ്ട് ഘട്ടങ്ങളിലായി 28 വികസന പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. വളപട്ടണത്തെ കക്കുളങ്ങര പള്ളിയുടെ നവീകരണത്തിന് ഒരു കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. നിർമ്മാണച്ചുമതലയുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ക്വട്ടേഷൻ വ്യവസ്ഥയിൽ കരാറുകാരെ കണ്ടെത്തുകയും 15-9-2021-ലെ ബോർഡ് യോഗം ക്വട്ടേഷന് അംഗീകാരം നൽകുകയും പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## 9. തൂക്കുപാലം നിർമ്മാണം

ശ്രീ. കെ. പ്രേംകുമാർ: ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പാലപ്പുറത്തെ മീറ്റ്നയെയും ചേലക്കര നിയോജകമണ്ഡലത്തിലെ കുത്താമ്പുള്ളിയെയും ബന്ധിപ്പിക്കുന്ന മീറ്റ്ന-കുത്താമ്പുള്ളി തൂക്കുപാലം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പാലപ്പുറം റെയിൽവേ സ്റ്റേഷനു സമീപം റെയിൽവേ ക്രോസും പാലപ്പുറം-കുത്താമ്പുള്ളി സൈഡിൽ അപ്രോച്ച് റോഡിനുള്ള സ്ഥലവും

ലഭ്യമാകുകയാണെങ്കിൽ നടപ്പാലം നിർമ്മിക്കുവാൻ സാധിക്കും. നിർമ്മാണ സാഹചര്യങ്ങൾ അനുകൂലമാണെങ്കിൽ സ്ഥല ലഭ്യത ഉറപ്പുവരുത്തി കോൺക്രീറ്റ് നടപ്പാലമാണ് വിഭാവന ചെയ്തുവരുന്നത്. ടൂറിസത്തിന് ഗുണകരമാകുമെങ്കിൽ തൂക്കുപാലത്തിന്റെ സാദ്ധ്യത പരിശോധിക്കുവാൻ പ്രത്യേകം നിർദ്ദേശിക്കുന്നതാണ്.

## 10. മടിക്കൈ പ്രോജക്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻ: കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ മടിക്കൈ പഞ്ചായത്തിൽ പ്രത്യേക മൃഗസംരക്ഷണമേഖല സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): കാസർഗോഡ് ജില്ലയിലെ മടിക്കൈ പഞ്ചായത്ത് ആസ്ഥാനമാക്കി സമഗ്ര കാർഷിക വികസനത്തിനായി വെറ്ററിനറി സർവ്വകലാശാലയും മൃഗസംരക്ഷണ വകുപ്പും ചേർന്ന് ഒരു പ്രത്യേക മൃഗസംരക്ഷണ മേഖല സ്ഥാപിക്കുന്നതിനായാണ് മടിക്കൈ പദ്ധതി ആവിഷ്കരിച്ചത്. ഈ പദ്ധതിക്കായി മടിക്കൈ പഞ്ചായത്തിലെ അമ്പലത്തറ വില്ലേജിൽ 20 ഏക്കർ റവന്യൂ ഭൂമി കണ്ടെത്തുകയും 2019-20-ലെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തുകയും ചെയ്തുവെങ്കിലും

ഇംപ്ലിമെന്റിംഗ് ഓഫീസർ സമർപ്പിച്ചത് 36 കോടി രൂപയുടെ പ്രൊപ്പോസലാണ്. തുടർന്ന് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ 3.22 കോടി രൂപയുടെ പ്രൊപ്പോസൽ ആദ്യഘട്ടത്തിൽ സമർപ്പിച്ചുവെങ്കിലും പദ്ധതിക്കായി വകയിരുത്തിയിരുന്ന 10 കോടി രൂപ ക്യാരി ഓവർ ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ഭരണാനുമതി നൽകാൻ കഴിഞ്ഞില്ല. 24.9.2021-ൽ നടന്ന യോഗത്തിൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള 20 ഏക്കർ ഭൂമിയുടെ കാര്യത്തിൽ വ്യക്തത വരുത്തുവാൻ കാസർഗോഡ് ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നിർദ്ദേശം നൽകുകയും പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നതിനായി ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി ഹോസ്ദുർഗ്ഗ് താലൂക്കിലെ മൂന്ന് ബ്ലോക്കുകളിൽ ആടുവളർത്തൽ, കിടാരി വളർത്തൽ, തീറ്റപ്പുൽകൃഷി എന്നിവ ഉൾപ്പെടുത്തി ലൈവ്ലിഹുഡ് പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള റിവൈസ്ഡ് പ്രൊപ്പോസൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഈ പദ്ധതിക്ക് അടിയന്തര പ്രാധാന്യം നൽകി നടപ്പിലാക്കുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

## IV. മേശപ്പുറത്തുവച്ച കടലാസ്സുകൾ

ചട്ടം 166(1), 47(2) പ്രകാരമുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V. റിപ്പോർട്ടുകളുടെ സമർപ്പണം

കാര്യോപദേശ സമിതിയുടെ മൂന്നാമത് റിപ്പോർട്ടും 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ടും സമർപ്പിച്ചു.

## VI. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VII. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും.

(i) 2021- ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ

(ii) 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021- ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബില്ലും 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബില്ലും 2021-ലെ കേരള

ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബില്ലും അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

## VIII. ക്രമപ്രശ്നം

ബിൽ അവതരിപ്പിക്കുന്നതിലെ നിയമതടസ്സം

ശ്രീ. രമേശ് ചെന്നിത്തല: 2003-ലെ ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ടിൽ സംസ്ഥാനത്തെ റവന്യൂ കമ്മി 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിൽ പൂർണ്ണമായും ഇല്ലാതാക്കുമെന്നും ആസ്തികളെക്കാൾ കൂടുതലുള്ള ബാധ്യതകൾ കൊടുത്തുതീർക്കാനായി ഉപയോഗപ്പെടുത്തുമെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ 2015-16-ൽ റവന്യൂ കമ്മി ജി.ഡി.പി.-യുടെ 1.7 ശതമാനമായിരുന്നത് 2020-21 ആയപ്പോൾ 2.83 ശതമാനമായി വർദ്ധിച്ചു. 2017-18-മുതൽ 2019-20 വരെയുള്ള കാലയളവിൽ ധനസംബന്ധമായ കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ മൂന്ന് ശതമാനമായി നിലനിർത്തുമെന്ന് പ്രസ്തുത ആക്ടിൽ വ്യവസ്ഥ ചെയ്തിരുന്നെങ്കിലും ലക്ഷ്യത്തിലെത്താൻ സാധിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ കടബാധ്യത 30.06 ശതമാനത്തിലെത്തിയിരിക്കുകയാണ്. പൊതുകടം 2,54,447 കോടി

രൂപയായി വർദ്ധിച്ചു. ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ടിന്റെ ഉദ്ദേശ്യശുദ്ധിതന്നെ ഇല്ലാതായിരിക്കുകയാണ്. കോവിഡ് പ്രതിസന്ധി മറികടക്കുന്നതിന് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളുടെ വായ്പാപരിധി ജി.ഡി.പി.-യുടെ 5 ശതമാനമായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ബിൽ വീണ്ടും ഭേദഗതി ചെയ്യേണ്ടതാണ്. മൂലനിയമത്തിലെ വ്യവസ്ഥകൾക്ക് വിഭിന്നമായി കൂടുതൽ കടമെടുക്കുന്നതിന് പുതിയ ഭേദഗതി ബില്ലുകൾ അവതരിപ്പിക്കുന്നത് ക്രമപ്രകാരമല്ല. ഈ സാഹചര്യത്തിൽ ബില്ലിന് അവതരണാനുമതി നിഷേധിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2019-20-ൽ കേന്ദ്ര സർക്കാർ 1471 കോടി രൂപ അധിക വായ്പയെടുക്കാൻ അനുമതി നൽകിയതിനെത്തുടർന്നാണ് ധനസംബന്ധമായ ഉത്തരവാദിത്ത ബില്ലിൽ ഭേദഗതി ആവശ്യമായി വന്നത്. 2020-21-ൽ 2 ശതമാനം അധിക വായ്പ എടുക്കുന്നതിന് അനുമതി ലഭിച്ചതിനാൽ ബില്ലിൽ വീണ്ടും ഭേദഗതി ആവശ്യമായി വന്നു. കോവിഡ് പ്രതിസന്ധിക്കിടയിൽ ജനങ്ങളുടെ ജീവനും ആരോഗ്യവും സംരക്ഷിക്കുന്നതിന്റെ ഭാഗമായി റവന്യൂ ചെലവ് വർദ്ധിച്ചതിനാൽ ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**റൂളിംഗ്**

2019-2020 സാമ്പത്തിക വർഷത്തേയ്ക്ക് സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനം ധനകമ്മിക്ക് പുറമെ കേന്ദ്ര സർക്കാർ ഒറ്റത്തവണയായി അനുവദിച്ച വായ്പാ തുക സ്വീകരിക്കുന്നതിന് സ്വാഭാവികമായുണ്ടാകുന്ന നിയമ തടസ്സം ഒഴിവാക്കുന്നതിനുള്ള ഒരു നിയമ ഭേദഗതിയാണിത്. പൂർണ്ണമായും നിയമസഭയുടെ നിയമ നിർമ്മാണാധികാരത്തിന്റെ പരിധിയിൽ വരുന്ന ഒരു വിഷയമെന്ന നിലയിൽ ഈ ബിൽ സഭയിൽ അവതരിപ്പിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ യാതൊരുവിധ നിയമ തടസ്സവും ഉള്ളതായി കാണുന്നില്ല. അതിനാൽ ശ്രീ. രമേശ് ചെന്നിത്തല ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ എന്നിവ സാമ്പത്തിക

കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഇവിടെ അവതരിപ്പിച്ച മൂന്ന് ബില്ലുകളും ഫലത്തിൽ നിയമമായിട്ടുള്ളതാണ്. ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ പ്രകാരം 2017-ലെ കേന്ദ്ര ചരക്കുസേവന നികുതി ആക്ടിലെ ചില വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിനായി 2019-ലെ ധനകാര്യ ബില്ലിൽ ഉൾപ്പെടുത്തുകയും രാഷ്ട്രപതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ചരക്ക് വിതരണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള എക്സംപ്ഷൻ 40 ലക്ഷമാക്കി ഉയർത്തുകയും ഈ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന ആളുകൾ ആധാർ തിരിച്ചറിയൽ കാർഡായി നൽകണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തുകയും ഡിജിറ്റൽ പേമെന്റ് സാർവത്രികമാക്കുന്നതിനുവേണ്ടി 31 (എ) വകുപ്പ് ചേർക്കുകയും വാർഷിക റിട്ടേണുമായി ബന്ധപ്പെട്ട് 39-ാം വകുപ്പ് ഭേദഗതി ചെയ്യുകയും ചെയ്തിട്ടുണ്ട്. കോവിഡ്, പ്രളയം പോലുള്ള സാഹചര്യങ്ങളിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിനും പ്രതിമാസ റിട്ടേണിനും സമയം ദീർഘിപ്പിച്ച് നൽകുന്നതിന് കമ്മീഷണർക്ക്

അനുവാദം നൽകിക്കൊണ്ടുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിലെ തുക കൈമാറ്റം ചെയ്യുന്നതിന് 53-ാം വകുപ്പിനുശേഷം 53 (എ) എന്നൊരു വകുപ്പ് കൂട്ടിച്ചേർത്തിട്ടുണ്ട്. റീഫണ്ടുമായി ബന്ധപ്പെട്ട കാര്യങ്ങളും അഖിലേന്ത്യാ തലത്തിൽ അഡ്വാൻസ് റൂളിംഗിനുവേണ്ടി ദേശീയ അപ്പലേറ്റ് അതോറിറ്റി രൂപീകരിക്കാനുള്ള പ്രൊവിഷനും ബില്ലിന്റെ ഭാഗമായി ചേർത്തിട്ടുണ്ട്. 45-ാമത്തെ ജി.എസ്.ടി. കൗൺസിലിന്റെ ഉത്തരവ് വന്നാലുടൻ ടാക്സും റേറ്റും പ്രൊവിഷനുമെല്ലാം സംസ്ഥാനത്ത് നടപ്പാക്കുന്നതാണ്. ഇത്രയും ഓർഡിനൻസുകൾ നിയമമാക്കുന്നത് ചരിത്രത്തിലാദ്യമായാണ്. ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. അൻവർ സാദത്ത് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. രമേശ് ചെന്നിത്തല: I move that- This House resolves to disapprove The Kerala Goods and Services Tax (Amendment) Ordinance, 2021 (Ordinance No. 106 of 2021). അടിയന്തര ഘട്ടങ്ങളിൽ ഓർഡിനൻസ് ഇറക്കാനുള്ള അധികാരത്തെ സർക്കാർ ദുരുപയോഗം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കണം. നിസ്സാര കാര്യങ്ങൾക്കുപോലും ഓർഡിനൻസ് ഇറക്കുന്ന രീതി ശരിയല്ല. സംസ്ഥാനത്തിന്റെ പൊതുകടം കുതിച്ചുയരുകയാണ്.

ശരിയായ പഠനം നടത്താതെ ധൃതിപിടിച്ച് അശാസ്ത്രീയമായ രീതിയിലാണ് ജി.എസ്.ടി. നിയമം കേന്ദ്രം നടപ്പാക്കിയത്. നികുതി നിർണ്ണയത്തിലും നികുതി പിരിവിലും സർക്കാരിന് നിയന്ത്രണങ്ങൾ ഇല്ലാതായിരിക്കുകയാണ്. ചെക്ക് പോസ്റ്റുകൾ ഇല്ലാതായതോടെ നികുതി വെട്ടിപ്പ് വർദ്ധിച്ചിരിക്കുന്നു. സംസ്ഥാനത്തിന്റെ യഥാർത്ഥ ധനസ്ഥിതിയെപ്പറ്റി സർക്കാർ ഒരു ധവളപത്രമിറക്കണം. ജി.എസ്.ടി.യിൽ നിന്നും പ്രതീക്ഷിച്ച വരുമാനം ലഭിക്കാത്തതിന്റെ കാരണങ്ങൾ കണ്ടെത്തി തിരുത്തലുകൾ വരുത്തുന്നതിനൊപ്പം ധനപ്രതിസന്ധിയുടെ യഥാർത്ഥ കാരണങ്ങളും കണ്ടെത്തി പരിഹാരം കാണണം. നികുതി പിരിവിൽ മുപ്പത് ശതമാനം വർദ്ധനവുണ്ടാക്കാൻ ഉദ്യോഗസ്ഥർക്ക് ടാർജറ്റ് നിശ്ചയിച്ചുകൊടുത്തെങ്കിലും റവന്യൂ കമ്മിയും ധനകമ്മിയും വർദ്ധിക്കുകയും നികുതി വരുമാനം കുറയുകയും ചെയ്തതിന്റെ ഫലമായി സംസ്ഥാനത്തിന്റെ പൊതുകടവും ആളോഹരി കടവും വർദ്ധിച്ചിരിക്കുന്നു. സാമ്പത്തിക പ്രതിസന്ധിമൂലം ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കാൻ കഴിയുന്നില്ല. കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭിക്കുമെന്നിരിക്കെ മസാല ബോണ്ടിലൂടെ വായ്പയെടുത്ത് കുറഞ്ഞ പലിശയ്ക്ക് സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ളതും ആ തുക ഉപയോഗിച്ച് മെഗാ പ്രോജക്ടുകൾ നടപ്പാക്കാത്തതും കേരളത്തിന്റെ പൊതുകടം വർദ്ധിക്കുന്നതും

ധനകാര്യ മാനേജ്മെന്റിന്റെ പരാജയവുമാണ് സൂചിപ്പിക്കുന്നത്. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ജി.എസ്.ടി. ഭേദഗതി ബില്ലിലൂടെ കേരളത്തിന്റെ ധനസ്ഥിതിയിൽ മാറ്റം വരുത്താനാകുമെന്ന് പ്രതീക്ഷിക്കുന്നില്ല.

ശ്രീ. പി. കെ. ബഷീർ: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. 2017-ലാണ് ഏകീകൃത നികുതി സംവിധാനം നിലവിൽ വന്നത്. ജി.എസ്.ടി. ആരംഭിച്ച് നാല് വർഷം കഴിഞ്ഞിട്ടും സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും ഇ-വേ ബിൽ സംവിധാനം വിജയകരമായി നടപ്പിലാക്കാനും സാധിച്ചിട്ടില്ല. ജി.എസ്.ടി. നടത്തിപ്പിലെ പിഴവ് സംബന്ധിച്ച് ധവളപത്രമിറക്കാനും പെട്രോളിന്റെയും ഡീസലിന്റെയും നികുതി ഒഴിവാക്കി വില കുറയ്ക്കാനും തയ്യാറാകണം. ഒരു ഫാസ്റ്റ്ട്രാക്ക് ടീമിനെ നിയോഗിച്ച് നികുതി നിർണ്ണയത്തിലെ അപാകത പുനഃപരിശോധിച്ച് അദാലത്തിലൂടെ നികുതി പിരിച്ചെടുക്കാൻ ശ്രമിക്കണം. പ്രൊഫഷണൽ ടാക്സ് സ്ലാബ് കാലോചിതമായി പരിഷ്കരിക്കുന്നതോടൊപ്പം ബാറുകളുടെ ടേൺ ഓവർ ടാക്സ് 5 ശതമാനമാക്കി ഏകീകരിക്കുന്നതിനും വാറ്റ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനും പാട്ടനിബന്ധനകൾ ലംഘിക്കുകയും പാട്ടക്കാലാവധി തീരുകയും ചെയ്ത ഭൂമി സർക്കാരിലേയ്ക്ക്

തിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കണം. ലൈഫ് മിഷൻ നടപ്പാക്കുന്ന പഞ്ചായത്തുകൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുക്കുന്ന വായ്പ 10 ശതമാനം പലിശനിരക്കിൽ പ്ലാൻ ഫണ്ടിൽനിന്ന് തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥ തദ്ദേശഭരണ സ്ഥാപനങ്ങളെ തകർക്കുന്നതാണ്. കിഫ്ബി ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുകയും കിഫ്ബിയുടെ തിരിച്ചടവ് സംബന്ധിച്ച് വ്യക്തത വരുത്തുകയും ചെയ്യണം. സംസ്ഥാന നികുതിയിൽ സമൂലമായ മാറ്റം വരുത്തുന്നതിനും നികുതി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനും അധികച്ചെലവും ധനധൂർത്തും നിയന്ത്രിക്കുന്നതിനും മൂലധനച്ചെലവ് വർദ്ധിപ്പിക്കുന്നതിനും ചെലവിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും കിഫ്ബിപോലുള്ള എസ്.പി.വി.-കളുടെ ധനകാര്യ മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിനും പദ്ധതികളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും പാചകവാതക-പെട്രോൾ-ഡീസൽ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 20-04-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി

അവതരിപ്പിക്കുന്നു. സംസ്ഥാന ജി.എസ്.ടി.-യുടെ പരിധിയിൽ കാലഹരണപ്പെട്ട വാറ്റ് നിയമത്തിന്റെ അപ്പീൽ ഫയൽ ചെയ്യുന്നതിന് തർക്കമുള്ള നികുതിയുടെ ഒരു ശതമാനം കേരള ലീഗൽ ബെനിഫിറ്റ് ഫണ്ടായി അടയ്ക്കണമെന്ന വ്യവസ്ഥ എടുത്തുകളയുന്നതിന് നടപടി സ്വീകരിക്കണം. സെക്ഷൻ 129 (3) പ്രകാരം സാധനങ്ങൾ കൊണ്ടുവരുമ്പോൾ ഡോക്യുമെന്റിൽ തെറ്റുവന്നാൽ സാധനവിലയ്ക്ക് തുല്യമായ ജി.എസ്.ടി.-യും പെനാൽറ്റിയും ഈടാക്കണമെന്ന വ്യവസ്ഥ അടിച്ചേൽപ്പിക്കുന്നത് തടയണം. യുവസംരംഭകരെ പ്രോത്സാഹിപ്പിക്കണം. ജി.എസ്.ടി കമ്മീഷണറേറ്റിൽ കെട്ടിക്കിടക്കുന്ന വാറ്റ് റിട്ടേണുകൾ റിവൈസ് ചെയ്യാനുള്ള അപേക്ഷകളിൻമേൽ 15 ദിവസത്തിനുള്ളിൽ നടപടി ഉറപ്പുവരുത്തണം. ആംനസ്റ്റി സ്കീം പഴയ നിരക്കിലാക്കാനും സംസ്ഥാന നികുതി ഒഴിവാക്കി പെട്രോളിന്റെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം. പെട്രോളിയം ഉൽപ്പന്നങ്ങളെ ജി.എസ്.ടി.യുടെ പരിധിയിൽ കൊണ്ടുവരാനുള്ള കേന്ദ്ര തീരുമാനത്തെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കണം. ജി.എസ്.ടി. നിയമത്തിലെ നടപടിക്രമങ്ങൾ ലഘൂകരിക്കണം.

ശ്രീ. കെ. ഡി. പ്രസേനൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഡി. കെ. മുരളി: 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നികുതി പിരിവിൽ കുറവുണ്ടായിട്ടും അനുവദനീയമായ അളവിൽ കടമെടുത്തും കിഫ്ബി മുഖേനയും ക്ഷേമ-വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ജി.എസ്.ടി. നഷ്ടപരിഹാരത്തുകയുടെ കാലാവധി അഞ്ച് വർഷംകൂടി നീട്ടിക്കിട്ടാൻ ജി.എസ്.ടി കൗൺസിലിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്. ജി.എസ്.ടി.യിലെ നികുതി സ്ലാബുകളുടെ എണ്ണം രണ്ടായി കുറയ്ക്കാനുള്ള തീരുമാനം ചെറുകിട കച്ചവടക്കാരെ പ്രതികൂലമായി ബാധിക്കും. ജി.എസ്.ടി.യിലൂടെ സംസ്ഥാനങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കുന്നതിനെതിരെ ശക്തമായ പ്രക്ഷോഭം നടത്തുകയും ജനങ്ങളിൽ ഇതുസംബന്ധിച്ച് അവബോധം സൃഷ്ടിക്കുകയും വേണം. ജി.എസ്.ടി. സംസ്ഥാന വിഹിതം 60 ശതമാനമായി വർദ്ധിപ്പിക്കണം. ജി.എസ്.ടി. നികുതി ഘടനയിലെ കമ്പ്യൂട്ടർവത്ക്കരണത്തിലുള്ള അപാകതകൾ പരിഹരിക്കണം.

ശ്രീ. അനൂപ് ജേക്കബ്: I move that- This House resolves to disapprove The Kerala General Sales Tax (Amendment) Ordinance,2021 (Ordinance No. 105 of 2021). മദ്യലഭ്യത വർദ്ധിപ്പിച്ച് ഖജനാവ് നിറയ്ക്കുന്ന സർക്കാർ സമീപനം നിരാശാജനകമാണ്. വിമുക്തി പദ്ധതിക്ക് കൂടുതൽ തുക വകയിരുത്തിയിട്ടും അതിന്റെ പ്രയോജനം ലഭിക്കുന്നില്ല. വില കൂടിയ മദ്യത്തിന്മേൽ കൂടുതൽ നികുതി ചുമത്തുന്നകാര്യം പരിശോധിക്കണം. എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ടി. ജെ. വിനോദ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എം. വിൻസെന്റ്: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. സർക്കാരിന്റെ മദ്യവർജ്ജന നയം പരാജയമാണ്. കിഫ്ബി മുഖേന അമ്പതിനായിരം കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുമെന്ന പ്രഖ്യാപനത്തിൽ ഇരുപത് ശതമാനംപോലും നടപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. മസാല ബോണ്ടിലൂടെ പണം സമാഹരിക്കുന്നതിന് 9.72% പലിശ നൽകേണ്ടിവരുന്നത് സാമൂഹ്യക്ഷേമ പദ്ധതികൾക്കും അടിസ്ഥാന സൗകര്യങ്ങൾക്കുമുള്ള തുകയിൽ കുറവ് വരുത്തുന്നുണ്ട്. ഒരു ഫാസ്റ്റ് ട്രാക്ക് ടീമിനെ നിയോഗിച്ച് നികുതിനിർണ്ണയം പുനഃപരിശോധിക്കുകയും

അദാലത്തിലൂടെ കുടിശ്ശിക കേസുകൾ തീർപ്പാക്കുകയും ചെയ്യണം. കോവിഡ് കാലത്ത് രൂപീകരിച്ച സി.എഫ്.എൽ.ടി.സി., ഡി.സി.സി., സാമൂഹിക അടുക്കള എന്നിവയുടെ ചെലവിനത്തിൽ വലിയ തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കാനുള്ളതിനാൽ അവരുടെ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലേർപ്പെട്ട ബ്രിഗേഡുമാരെ പിരിച്ചുവിട്ട നടപടി പുനഃപരിശോധിക്കാനും ആറുമാസത്തെ ഇൻസെന്റീവെങ്കിലും നൽകാനും തയ്യാറാകണം. ഭക്ഷ്യക്കിറ്റ് വിതരണം തുടരാനുള്ള നടപടി സ്വീകരിക്കണം. കോവിഡ്-19 പശ്ചാത്തലത്തിൽ സ്വകാര്യ വ്യക്തികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ എന്നിവരുടെ ഉടമസ്ഥതയിൽ വ്യാപാരാവശ്യത്തിനായി എടുത്തിട്ടുള്ള കെട്ടിട വാടക ഇളവ് ചെയ്തു നൽകണം.

ശ്രീ. കെ. കെ. രാമചന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഐ. ബി. സതീഷ്: 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-10-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അതീവ സമ്പന്നരിൽനിന്ന് കൂടുതൽ നികുതി സമാഹരിക്കാൻ നടപടിയുണ്ടാകണം. സംസ്ഥാനത്ത്

ഫലപ്രദമായ ധനകാര്യ മാനേജ്മെന്റാണ് നിലവിലുള്ളത്. സർക്കാർ ഉടമസ്ഥതയിലുള്ള ആംനസ്റ്റി ഓക്ഷൻ ഡേറ്റ് ദീർഘിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

ശ്രീ. മോൻസ് ജോസഫ്: 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ നികുതി ഘടനയുമായി ബന്ധപ്പെട്ട് പുന:ക്രമീകരണം നടത്തുന്നതിനെക്കുറിച്ച് പരിശോധിക്കണം. മദ്യവ്യാപനത്തിന്റെയും മദ്യവ്യാപാരത്തിന്റെയും പിന്നിലുള്ള സാമൂഹ്യപ്രശ്നം ഗൗരവമായി കാണണം. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും നാലു കോടി രൂപ വീതം വകമാറ്റിയത് മുഴുവൻ നിയോജകമണ്ഡലങ്ങളിലും പ്രയോജനം ലഭിക്കത്തക്കവിധം വിനിയോഗിക്കുന്നതോടൊപ്പം അടുത്ത സാമ്പത്തിക വർഷം മുതൽ തുക പൂർണ്ണമായും വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിയുന്നവിധത്തിൽ സാമാജികർക്ക് ലഭ്യമാക്കണം.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: Sir, I move that- This House resolves to disapprove The Kerala Fiscal Responsibility (Amendment) Ordinance, 2021 (Ordinance No.102 of 2021).

ചെലവുകൾ കുറച്ചും വരുമാനം വർദ്ധിപ്പിച്ചും സാമ്പത്തികഭദ്രത ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതിവിഹിതം വെട്ടിക്കുറച്ച നടപടി പരിശോധിക്കണം. കടമെടുക്കുന്ന തുക വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കണം. പ്രളയ സെസിൽനിന്ന് ലഭിച്ച തുക പ്രളയ പുനർനിർമ്മാണത്തിനോ വികസന പ്രവർത്തനങ്ങൾക്കോ വിനിയോഗിക്കണം. പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുമെന്ന വാഗ്ദാനം പാലിക്കണം. സാമ്പത്തിക പ്രതിസന്ധി മറയാക്കി ആരോഗ്യപ്രവർത്തകർ ഉൾപ്പെടെയുള്ള കോവിഡ് പോരാളികളെ പിരിച്ചുവിട്ടതും ആറ് മാസത്തെ റിസ്ക് അലവൻസ് കുടിശ്ശിക വരുത്തിയതും കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാത്തതും പ്രതിഷേധാർഹമാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുന്ന ധവളപത്രം പുറപ്പെടുവിക്കുന്നതിന് തയ്യാറാകണം. നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുകയും മറ്റുള്ളവയുടെ

ലിക്വിഡേഷൻ നടപടി ത്വരിതപ്പെടുത്തുകയും വേണം. സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. മഞ്ഞളാംകുഴി അലി: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ഉയർന്ന പലിശനിരക്കിൽ കടമെടുക്കുന്നതിലൂടെ വാർഷിക വരുമാനത്തിന്റെ 18.35 ശതമാനം തുക പലിശയിനത്തിൽ ചെലവാകുകയാണ്. അധിക വായ്പ എടുക്കുന്നതിന് കേന്ദ്രസർക്കാർ മുന്നോട്ടുവച്ച വ്യവസ്ഥകൾ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായി ബാധിക്കുന്നതാണ്. സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങൾ അംഗീകരിച്ചുകൊണ്ടാണ് വായ്പാ പരിധി ഉയർത്താനുള്ള നിയമം കൊണ്ടുവന്നിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം വെട്ടിക്കുറച്ചതും തനത് ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കണമെന്ന നിർദ്ദേശവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം താറുമാറാക്കും. നികുതി പിരിവിലുള്ള അലംഭാവവും റവന്യൂ ചെലവ് കുറയ്ക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാത്തതുമാണ് ധന ഉത്തരവാദിത്ത നിയമത്തിലെ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കാത്തതിന് കാരണം. ധന/റവന്യൂ കമ്മി കുറയ്ക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. വരുമാനമാർജ്ജിക്കുന്ന പ്രധാന വകുപ്പുകളുടെ ഡാറ്റാ ബേസുകൾ പൂർണ്ണമല്ലാത്തതും വിവരങ്ങൾ സൂക്ഷിക്കാത്തതും നികുതി

കുടിശ്ശിക വരുത്തുന്നവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ തടസ്സമാകുകയാണ്. ജി.എസ്.ടി. മൂലമുണ്ടാകുന്ന നികുതി ചോർച്ചയും അതിർത്തിവഴിയുള്ള നികുതി വെട്ടിപ്പും തടയാനുള്ള നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വെളിവാക്കുന്ന ധവളപത്രം പുറപ്പെടുവിക്കാൻ തയ്യാറാകണം.

ശ്രീ. ടി. വി. ഇബ്രാഹിം: 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 22-05-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. സാമ്പത്തികരംഗത്തെ അച്ചടക്കമില്ലായ്മയും ധൂർത്തും കെടുകാര്യസ്ഥതയുമാണ് സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിപ്പിച്ചത്. കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ തയ്യാറാകണം. രാജ്യത്തിനകത്തും പുറത്തുംനിന്ന് വായ്പയെടുക്കുമ്പോൾ വാർഷിക വരുമാനത്തിന്റെ നല്ലൊരു ശതമാനം പലിശയിനത്തിൽ നൽകേണ്ടിവരുന്നതിനാൽ സംസ്ഥാനത്തിന്റെ കടബാധ്യത വർദ്ധിച്ചുവരുന്ന സ്ഥിതിക്ക് ശാശ്വത പരിഹാരം കാണണം. സംസ്ഥാന നികുതി ഒഴിവാക്കി പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവ് നിയന്ത്രിക്കണം. താലൂക്കടിസ്ഥാനത്തിൽ പ്ലസ് ടു സീറ്റുകൾ

ക്രമീകരിക്കാനുള്ള നടപടിയുണ്ടാകണം. ഉന്നതവിദ്യാഭ്യാസ മേഖലയിൽ കോളേജുകളും കോഴ്സുകളും അനുവദിക്കുന്നതിന് കൃത്യമായ മാനദണ്ഡം നിശ്ചയിക്കണം.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സഭ ചേരാൻ സാധിക്കാത്ത സാഹചര്യത്തിലാണ് ഭരണപരമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിനായി ഓർഡിനൻസുകൾ ഇറക്കിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ വരുമാനത്തിൽ കുറവുണ്ടാകുമ്പോൾ ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ നിർവ്വഹിക്കണമെങ്കിൽ കടമെടുക്കേണ്ടതായി വരും. അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങളെക്കാൾ മുന്നിലാണ്. അധികമായെടുക്കുന്ന വായ്പയിൽ 0.5% ഊർജ്ജ മേഖലയിലെ പരിഷ്ക്കരണത്തിനുപയോഗിക്കണമെന്നും പൊതുമേഖലാ കമ്പനികളുടെ നഷ്ടം ഘട്ടംഘട്ടമായി സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്നുമുള്ള കേന്ദ്ര സർക്കാർ നിബന്ധനകൾ എതിർക്കപ്പെടേണ്ടതാണ്. പെട്രോളിയം ഉത്പന്നങ്ങളുടെ വില നിയന്ത്രണ

അധികാരം സ്വകാര്യമേഖലയ്ക്ക് നൽകിയത് അവശ്യ സാധനങ്ങളുടെ വിലക്കയറ്റത്തിനും തൊഴിലില്ലായ്മയ്ക്കും പണപ്പെരുപ്പത്തിനും ഗാർഹിക വരുമാനത്തിലെ കുറവിനും കാരണമായിട്ടുണ്ട്. കിഫ്ബി ധനസമാഹാരണത്തിലൂടെ വൻതോതിൽ മൂലധനച്ചെലവ് നടത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ബാങ്കുകളുടെ കിട്ടാക്കടം പിരിച്ചെടുക്കുന്നതിനുള്ള നടപടി കേന്ദ്രഗവൺമെന്റ് സ്വീകരിക്കാത്തത് പ്രതിഷേധാർഹമാണ്. സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്; കേന്ദ്രത്തിന്റെ കാർഷിക വിരുദ്ധ നയങ്ങളെ സംസ്ഥാനം എതിർക്കണം. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി സുസ്ഥിരമാക്കാനും മികച്ച പ്രവർത്തനം ഉറപ്പുവരുത്താനും ശ്രമിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ചാൽ സംസ്ഥാനങ്ങൾ സ്റ്റാറ്റ്യൂട്ടറിയായി നിയമം പാസ്സാക്കേണ്ടതാണ്. ജി.എസ്.ടി. നടപ്പിലായതോടെ സംസ്ഥാനങ്ങളുടെ തനത് നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി. പരിധിയിൽ ഉൾപ്പെടുത്തിയാലും വില കുറയുകയില്ല. 28 ശതമാനത്തിലധികം ടാക്സുള്ള ഉല്പന്നങ്ങൾക്ക് 28 ശതമാനത്തിൽ അധികരിച്ച നികുതി തുക കേന്ദ്ര ഗവൺമെന്റിന്റെ കോമ്പൻസേഷൻ സെസ് എന്ന

പ്രത്യേക ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി. കോമ്പൻസേഷൻ കാലാവധി നീട്ടാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടില്ല. ഒരു രാഷ്ട്രം ഒരു നികുതി പ്രകാരം ടാക്സുകൾ കേന്ദ്രീകരിച്ചതിന്റെ ഫലമായി സംസ്ഥാനങ്ങൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിൽ കേരളം വലിയ മുന്നേറ്റം നടത്തിയിട്ടുണ്ട്. മൂലധന നിക്ഷേപം വർദ്ധിച്ചതിനാൽ 0.5 ശതമാനം വായ്പ തുക അധികമായി ലഭിച്ചിട്ടുണ്ട്. 2018-ലെ ഡി.എസ്.ആർ. റേറ്റ് നിലവിൽ വന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തടസ്സങ്ങൾ ഒഴിവാകുകയും 29,000 വ്യാപാരികൾ ആംനസ്റ്റി പദ്ധതി പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വാളയാർ ചെക്ക് പോസ്റ്റിൽ മിന്നൽ പരിശോധന നടത്താനും ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം സ്വർണ്ണത്തിന്മേൽ ലഭിച്ചിരുന്ന നികുതിയിൽ ഇടിവ് സംഭവിച്ചിട്ടുണ്ട്. ബാറുകളിലും ബിവറേജസുകളിലും വിൽക്കുന്ന മദ്യത്തിന്റെ നികുതി വ്യത്യാസം പരിശോധിക്കുന്നതാണ്. സ്വകാര്യ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വാടകയിളവ് നൽകണമെന്ന് ആവശ്യപ്പെടുന്നതാണ്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതാണ്.

നിരാകരണ പ്രമേയങ്ങൾ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ എന്നിവ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയച്ചു.

സഭ വൈകുന്നേരം 6.45-ന് പിരിഞ്ഞു.

*********